നം.957/ഇ.ജി.എസ്-സി/16/ആർ.ഇ.ജി.എസ് തീയതി: 30.07.2019

# സർക്കുലർ

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - സാധന സാമഗ്രികൾക്ക് GST കുറവ് ചെയ്യുന്നത് - സംബന്ധിച്ച്.

2017ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്ന് 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്ക് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസ്. മുഖേനയാണ് നടത്തുന്നത് എങ്കിലും GST കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതും NIC, New Delhi-യുടെ സജീവ പരിഗണനയിൽ ഉള്ളതുമാണ്. പ്രസ്തുത സൗകര്യം എം.ഐ.എസ്.ൽ ലഭ്യമല്ലാത്തതുകാരണം പദ്ധതിയുമായി ബന്ധപ്പെട്ട് സാധന സാമഗ്രികളുടെ വിതരണക്കാരിൽ നിന്ന് GST കുറവ് ചെയ്യാൻ കഴിയാത്ത സാഹചര്യം ഉള്ളതും ആയത് ആഡിറ്റ് ക്വറികൾക്ക് കാരണമാകുന്നു എന്നും വിവരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശം പാലിക്കേണ്ടതാണ്.

GST തുക ഉറവിടത്തിൽ കുറവ് ചെയ്യുന്നതിന് എം.ഐ.എസ്.ൽ സൗകര്യം ലഭിക്കുന്നത് വരെ അന്തിമ ബിൽ പ്രകാരമുള്ള GST തുക വെണ്ടർ/സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി, ബില്ല് സെറ്റിൽ ചെയ്യാവുന്നതും അത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കപ്പെടുന്ന GST തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ GST വകുപ്പിൽ യഥാസമയം അടയ്ക്കേണ്ടതുമാണ്.

എൽ.പി.ചിത്തർ
മിഷൻ ഡയറക്ടർ (i/c).

എല്ലാ ജെ.പി.സി.മാർക്കും
എല്ലാ ബി.പി.ഒ.മാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും.